<u>ഭരണഭാഷ - മാതൃഭാഷ</u>

സ്പോർട്സ് 2/18127/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി :07.09.2024
ഫോൺ:0471- 2580 534; <u>supdts.dge@kerala.gov.in</u>

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2024 ഗ്രൂപ്പ് 1 മത്സര ഇനങ്ങളായ ജൂഡോ അണ്ടർ 14 ആൺ/പെൺ, അണ്ടർ 17 ആൺ, ടേബിൾ ടെന്നീസ് അണ്ടർ 17, 19 ആൺ/പെൺ, ഫുട്ബോൾ അണ്ടർ 17 ആൺ/പെൺ സംസ്ഥാനതല ചാമ്പ്യൻഷിപ്പ് നടത്തുന്നത് - സംബന്ധിച്ച്

സൂചന :

******************************

66-ാ മത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 1 മത്സര ഇനങ്ങളായ ജൂഡോ അണ്ടർ 14 ആൺ/പെൺ, അണ്ടർ 17 ആൺ, ടേബിൾ ടെന്നീസ് അണ്ടർ 17, 19 ആൺ/പെൺ,ഫുട്ബോൾ അണ്ടർ 17 ആൺ/പെൺ സംസ്ഥാനതല ചാമ്പ്യൻഷിപ്പ്, **2024 സെപ്തംബർ 22 മുതൽ സെപ്തംബർ 28 വരെ തിരുവനന്തപുരം** ജില്ലയിൽ വച്ചു നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. **<u>https://sports.kite.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളും തീയതിയും താഴെ സൂചിപ്പിക്കുന്നു.

## <u>രജിസ്ട്രേഷൻ സ്ഥലവും, തീയതിയും ചുവടെ ചേർക്കുന്നു</u>

| ക്രമ നം. | ഐറ്റം | കാറ്റഗറി | റിപ്പോർട്ടിങ്ങ് തീയതി | രജിസ്ട്രേഷൻ വേദി | മത്സര നടക്കുന്ന തീയതികൾ | മത്സര വേദി |
|---|---|---|---|---|---|---|
| 1 | ടേബിൾ ടെന്നീസ് | സീനിയർ ആൺ/പെൺ | 23.09.24 7 am | സ്പോർട്സ് കേരള ഫൗണ്ടേഷൻ, വട്ടിയൂർക്കാവ്, തിരുവനന്തപുരം | 23.09.24- 24.09.24 | സ്പോർട്സ് കേരള ഫൗണ്ടേഷൻ, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| | | ജൂനിയർ ആൺ/പെൺ | 24.09.24 7 am | | 24.09.24 - 25.09.24 | |
| 2 | ഫുട്ബോൾ | ജൂനിയർ ആൺ | 24.09.24 5 pm | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം | 25.09.24 - 26.09.24 | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം |
| | | ജൂനിയർ പെൺ | 26.09.24 5 pm | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം | 27.09.24 - 28.09.24 | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം |

| ക്രമ നം. | ഐറ്റം | കാറ്റഗറി | റിപ്പോർട്ടിങ്ങ് തീയതി | രജിസ്ട്രേഷൻ, വേയിംഗ്, വേദി | മത്സര നടക്കുന്ന തീയതികൾ | മത്സര വേദി |
|---|---|---|---|---|---|---|
| 3 | ജൂഡോ | സബ് ജൂനിയർ ആൺ/പെൺ & ജൂനിയർ ആൺ | 22.09.2024 7 am | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം | 22.09.24-23.09.24 | ജി.വി.രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

1.ആദർശ് .ബി., പി.ഇ.ടി, ജി.എച്ച്.എസ്.എസ്., കാച്ചാണി (ജൂഡോ) –7012534817

2.ജോളി എസ്.കെ. പി.ഇ.ടി., എ.എം.എച്ച്.എസ്, തിരുമല (ടേബിൾ ടെന്നീസ്) - 9495011257

3.അജികുമാർ.എസ്.,ജെ.പി.എച്ച്.എസ്.എസ്,ഒറ്റശേഖരമംഗലം,കാട്ടാക്കട,(ഫുട്ബോൾ) - 9496370327

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:**

1. ആൺകുട്ടികളുടെ താമസ സൗകര്യം - ജി.വി.എച്ച്.എസ്.എസ്, അരുവിക്കര - ഷമിം.എ., പി.ഇ.ടി., ജി.വി.എച്ച്.എസ്.എസ്, അരുവിക്കര - 9846052499
2. പെൺകുട്ടികളുടെ താമസ സൗകര്യം -ജി.വി.രാജ സ്പോർട്സ് സ്കൂൾ - ജോസഫ്, സ്റ്റോർകീപ്പർ, ഡി.എസ്.വൈ.എ - 8111866017

## നിർദ്ദേശങ്ങൾ

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 1 മത്സര ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ **പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്**. (1 കോപ്പി)
   ii. പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.
2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായി ഉണ്ടായിരിക്കണം.
3. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേണ്ടതാണ്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

5. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.
6. 22.09.2024 ന് രാവിലെ 8.00 മണിക്ക് ജൂഡോ ടീം മാനേജേഴ്സിന്റെ മീറ്റിംഗ് ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ നടത്തുന്നതാണ്. എല്ലാ ടീം മാനേജേഴ്സും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.
7. 23.09.2024 ന് രാവിലെ 8.00 മണിക്ക് ടേബിൾ ടെന്നീസ് ടീം മാനേജേഴ്സിന്റെ മീറ്റിംഗ് സ്പോർട്സ് കേരള ഫൗണ്ടേഷൻ വട്ടിയൂർക്കാവ് വെച്ചു നടത്തുന്നതാണ്. എല്ലാ ടീം മാനേജേഴ്സും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.
8. 24.09.2024 ന് വൈകീട്ട് 7 മണിക്ക് ഫുട്ബോൾ ടീം മാനേജേഴ്സിന്റെ മീറ്റിംങ്ങ് ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാം ടീം മാനേജേഴ്സും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
9. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/-** രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

DIRECTORATE OF GENERAL EDUCATION
Jagathy, Trivandrum

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ ആർ.ഡി.ഡിമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
2. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)